**പതിനാലാം കേരള നിയമസഭ**

**ഒൻപതാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1393** **30-01-2018 ൽ മറുപടിക്ക്**

**ലുലു മാളിന് സർക്കാർഭൂമി**

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.അടൂർ പ്രകാശ് | | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) ലുലു മാളിന് കേരളത്തിൽ എവിടെയെല്ലാം സർക്കാർഭൂമി നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (എ) | കേരളത്തിൽ ലുലു മാളിന് സർക്കാർ ഭൂമിയൊന്നും അനുവദിച്ചിട്ടില്ല. എന്നാൽ കോഴിക്കോട് താലൂക്ക് വളയനാട് വില്ലേജിൽ ലുലു കൺവെൻഷൻ സെന്ററിന്റെ ഉടമസ്ഥതയിലുള്ള വസ്തുവിനകത്തായി സ്ഥിതി ചെയ്യുന്നതും കോഴിക്കോട് നഗരസഭയിൽ നിക്ഷിപ്തവുമായിട്ടുള്ള ടി.എസ് 289 ൽ പെട്ട 13 സെന്റ് ചെറിയ തോടിന്റെ ബാഗവും ടി.എസ് 284 ൽപ്പെട്ട 6 സെന്റ് വഴിയും ചേർത്ത് 19 സെന്റ് പുറമ്പോക്ക് ഭൂമിയും, കോഴിക്കോട് താലൂക്ക് നെല്ലിക്കോട് വില്ലേജിൽ ലുലു കൺവെൻഷൻ സെന്റർ ഡയറക്ടറുടെ ഉടമസ്ഥതയിലുള്ളതും മൈലാമ്പാടി ഒല്ലൂർ ക്ഷേത്ര റോഡിനോട് ചേർന്ന് കിടക്കുന്നതുമായ റീസർവെ നമ്പർ 112 ൽപ്പെട്ട 26.19 സെന്റ് ഭൂമിയും അതിൽ സ്ഥിതി ചെയ്യുന്ന 204.46 ചതു.മീറ്റർ വിസ്തീർണ്ണമുള്ള കോൺക്രീറ്റ് കെട്ടിടവും പരസ്പരം കൈമാറ്റം ചെയ്യുന്നതിന് ധാരണയായിട്ടുണ്ട്. |
| (ബി) ഓരോ ഭൂമിയും എന്നാണ് നൽകിയതെന്നും അവയുടെ വിസ്തീർണ്ണം എത്രയെന്നും വിശദീകരിക്കുമോ; | (ബി) & (സി) | ബാധകമല്ല |
| (സി) ഭൂമി കൈമാറ്റം ചെയ്യുതിന്റെ മാനദണ്ഡം എന്തെല്ലാമെന്ന് ഇനം തിരിച്ച് വെളിപ്പെടുത്തുമോ? | | |

സെക്ഷൻ ഓഫീസർ